



ഉദ്ഘാടനം

**സ. എം.എ.ബേബി**

(സി.പി.ഐ (എം)
ജനറൽ സെക്രട്ടറി)

**2025 ജൂൺ 13 വെള്ളി**
**രാവിലെ 9 മണി**

ദേശീയ സെമിനാർ

# മാറുന്ന ലോകവും കേരളവും



COSTFORD

# ഇ.എം.എസ് സ്മൃതി 2025

**ജൂൺ 13,14 വെള്ളി, ശനി**
**കെ.ടി.മുഹമ്മദ് സ്മാരക**
**റീജിയണൽ തിയേറ്റർ**
**തൃശൂർ**

സുഹൃത്തേ,

ലോകത്ത് വലിയ മാറ്റങ്ങളാണ് സംഭവിക്കുന്നത്. സങ്കേതികവിദ്യാമേഖലയിലുള്ള കുതിച്ചുചാട്ടങ്ങൾ നമ്മുടെ ഉത്പാദനസംഘാടനത്തിലും, രീതികളിലും, തൊഴിലിലിലുമെല്ലാം വലിയ മാറ്റങ്ങൾ വരുത്തി. നമ്മുടെ ജീവിതത്തെയും ഇടപെടലുകളെയും ഏറെ സ്വാധീനിച്ചു. നവലിബറൽ സാമ്പത്തികനയങ്ങൾ പിൻതുടരുന്ന കക്ഷികൾക്ക് മിക്ക രാജ്യങ്ങളിലും രാഷ്ട്രീയമേൽക്കോയ്മ നേടാനാകുന്ന അവസ്ഥയാണുള്ളത്. ഇത് സൃഷ്ടിക്കുന്ന അസമത്വങ്ങളും പരിസ്ഥിതിനാശവും സാധാരണ മനുഷ്യരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നു. അന്താരാഷ്ട്രവ്യാപാരത്തിൽ ഏകപക്ഷീയമായ തീരുവ ചുമത്താനുള്ള ട്രംപിന്റെ തീരുമാനം കൂടുതൽ ദുരിതങ്ങൾ സമ്മാനിക്കും. ജനങ്ങളിൽ നിറയുന്ന അസംതൃപ്തിയെ ജാതി-മത വേലിക്കെട്ടുകൾ തീർത്ത് വഴിതിരിച്ചുവിടാനുള്ള ഹീനമായ മാർഗങ്ങളാണ് ഭരണാധികാരികൾ സ്വീകരിക്കുന്നത്. ഇതിനായി നവഫാസിസ്റ്റ് രീതികൾ അവലംബിച്ച് ഫെഡറലിസവും ബഹുസ്വരതയും ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

കേരളം പിൻതുടരുന്ന ഇടതുപക്ഷബദൽ നയങ്ങളെ തകർക്കാനുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സാർവത്രികമായ വികസനത്തിലൂടെ നവകേരളം സൃഷ്ടിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം ശ്രമിക്കുന്നത്. അതിലൂടെ എല്ലാ മേഖലകളിലും ശ്രദ്ധേയമായ പുരോഗതി കേരളസമൂഹത്തിലുണ്ടായി. ജനങ്ങളുടെ മതനിരപേക്ഷ മനസ്സും ഐക്യവും ഇടതുപക്ഷ രാഷ്ട്രീയവിക്ഷണവുമാണ് ഈ മാറ്റം സൃഷ്ടിക്കാൻ സഹായകമായത്.

കേരളത്തിന്റെ ധൈഷിണികജീവിതത്തെ ഏറെ സ്വാധീനിച്ച രാഷ്ട്രീയ നേതാവ്, ഐക്യകേരള വികസനത്തിന് അടിത്തറയിട്ട ഭരണകർത്താവ്, നവോത്ഥാന ദേശീയപ്രസ്ഥാന നായകൻ, ലളിതവും നിസ്വാർത്ഥവുമായ പൊതുരാഷ്ട്രീയജീവിതത്തിന്റെ പ്രതീകവുമാണ് ഇ.എം.എസ്. ജൂൺ 13ന് അദ്ദേഹത്തിന്റെ ജന്മദിനത്തോടനുബന്ധിച്ച് നടത്തുന്ന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുന്നത് സി.പി.ഐ.(എം) ജനറൽ സെക്രട്ടറി എം.എ.ബേബിയാണ്.

ഇ.എം.എസ്സ് സ്മൃതിയോടനുബന്ധിച്ച് എല്ലാ വർഷവും കോസ്റ്റ്ഫോർഡും വർഗബഹുജന സംഘടനകളും ചേർന്ന് തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന 27-ാം മത് സെമിനാറാണിത്. കഴിഞ്ഞകാല സ്മൃതികളുടെ ഉദ്ഘാടകനായും മുഖ്യപ്രഭാഷകനായും മാർഗദർശകനായും ഉണ്ടായിരുന്ന സഖാവ് സീതാറാം യെച്ചൂരി ഇന്ന് നമ്മോടൊപ്പമില്ല. ആയതിനാൽ അദ്ദേഹത്തിന്റെ സംഭാവനകൾ സമഗ്രമായി സ്മരിക്കുന്ന ഒരു സോവനീർ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഇ.എം.എസ്സ് സ്മൃതിക്ക് ആരംഭം കുറിച്ച ടി.ആർ.ചന്ദ്രദത്തിനെയും സംഘാടകനായിരുന്ന പ്രൊഫ. എം.മുരളീധരനെയും ഈ സന്ദർഭത്തിൽ ആദരപൂർവം ഓർക്കുന്നു. ഇ.എം.എസ്സ് സ്മൃതിയിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.

സ്നേഹാദരപൂർവം

**കെ.രാധാകൃഷ്ണൻ**
ചെയർമാൻ

**കെ.വി.അബ്ദുൾ ഖാദർ**
ജനറൽകൺവീനർ

**ഡോ. എം.എൻ.സുധാകരൻ**
കൺവീനർ

**സംഘാടകസമിതി**

## ഇ.എം.എസ് സ്മൃതി 2025

ദേശീയ സെമിനാർ

# മാറുന്ന ലോകവും കേരളവും

## ജൂൺ 13 വെള്ളി

### 09.30 AM - 11.30 AM ഉദ്ഘാടന സെഷൻ

ഉദ്ഘാടനം : സ. എം.എ.ബേബി
ജനറൽ സെക്രട്ടറി സി.പി.ഐ(എം)

സീതാറാം യെച്ചൂരി
സ്മരണിക പ്രകാശനം :

### 11.30 AM - 01.15 PM സെഷൻ 2: വളരുന്ന അസമത്വം

വളരുന്ന അസമത്വം : സ. പ്രകാശ് കാരാട്ട്
മുൻ ജനറൽ സെക്രട്ടറി സി.പി.ഐ(എം)

സാങ്കേതിക പുരോഗതിയും തൊഴിലും -
ലിംഗപരമായ മാനങ്ങൾ : സ. യു.വാസുകി
പോളിറ്റ് ബ്യൂറോ അംഗം സി.പി.ഐ(എം)

### 02.15 PM - 04.00 PM സെഷൻ 3 : വിജ്ഞാന സമ്പദ്‌വ്യവസ്ഥ

വിജ്ഞാന സമ്പദ്‌വ്യവസ്ഥ : ഡോ. തോമസ് ഐസക്
കേന്ദ്രകമ്മിറ്റി അംഗം. സി.പി.ഐ.(എം)

ജീനോമിക്സ് : ഡോ. കെ.പി.അരവിന്ദൻ
മുൻ പ്രൊഫസർ,
കോഴിക്കോട് മെഡിക്കൽ കോളേജ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: ഡോ. അൻവർ സാദത്ത്
ഡയറക്ടർ, കൈറ്റ്

മെറ്റീരിയൽ സയൻസസ് : ഡോ. സംഗീത ചേനംപുല്ലി
അസോസിയേറ്റ് പ്രൊഫസർ
പട്ടാമ്പി സംസ്കൃത കോളേജ്

### 04.00 PM - 05.45 PM സെഷൻ 4: നവകേരളം

ഉന്നതവിദ്യാഭ്യാസം : ഡോ. ആർ ബിന്ദു
ബഹു. ഉന്നത വിദ്യാഭ്യാസമന്ത്രി

ഉൾച്ചേർന്ന വികസനം : പ്രൊഫ. സി.രവീന്ദ്രനാഥ്
മുൻ വിദ്യാഭ്യാസമന്ത്രി

അടിസ്ഥാന സൗകര്യ
വികസനവും വളർച്ചയും : ഡോ. ജിജു പി.അലക്സ്
കേരള സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം

നവകേരളവും
സാംസ്കാരിക പരിണാമവും: ഡോ. ടി.എസ്.ശ്യാംകുമാർ
പ്രൊഫസർ സംസ്കൃത സർവകലാശാല,
കാലടി

# ഇ.എം.എസ് സ്മൃതി 2025

## ജൂൺ 14 ശനി

### 09.45 AM - 11.30 AM സെഷൻ 5

| | | |
|---|---|---|
| നവ ഉദാരവല്ക്കരണവും നവഫാസിസവും | : | **പ്രൊഫ. പ്രഭാത് പട്നായിക്**<br>പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ |
| ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും | : | **ഡോ. എസ്.അഭിലാഷ്**<br>ഡയറക്ടർ അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫിയറിക് റഡാർ റിസേർച്ച്, കുസാറ്റ് |

### 11.30 AM - 01.00 PM സെഷൻ 6

| | | |
|---|---|---|
| ഇൻഡ്യൻ ഫെഡറലിസം നേരിടുന്ന വെല്ലുവിളികൾ | : | **സ. എ.വിജയരാഘവൻ**<br>പൊളിറ്റ്ബ്യൂറോ അംഗം, സി.പി.ഐ(എം) |
| കേരള വികസനവും കേന്ദ്ര നയങ്ങളും | : | **സ. കെ.എൻ.ബാലഗോപാൽ**<br>കേരള സംസ്ഥാന ധനകാര്യവകുപ്പ് മന്ത്രി |

### 02.00 PM - 04.30 PM സമാപന സെഷൻ

| | | |
|---|---|---|
| ഇടതുപക്ഷവും മതനിരപേക്ഷ കേരളവും<br>ഉദ്ഘാടനം | : | **സ. എം.വി.ഗോവിന്ദൻ മാസ്റ്റർ**<br>സംസ്ഥാന സെക്രട്ടറി, സി.പി.ഐ(എം) |
| | : | **സ. ബിനോയ് വിശ്വം**<br>സംസ്ഥാന സെക്രട്ടറി, സി.പി.ഐ |
| | : | **ഡോ. സുനിൽ പി.ഇളയിടം**<br>പ്രൊഫസർ, സംസ്കൃത സർവകലാശാല കാലടി |

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ഫീസ് 750 രൂപയാണ്. ഓൺലൈനിലും അയ്യന്തോൾ കോസ്റ്റ്ഫോർഡ് ഓഫീസിൽ നേരിട്ടും രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്നതിന് QR കോഡ് സ്കാൻ ചെയ്യേണ്ടതാണ്. ഓൺലൈൻ ആയി പണം അടയ്ക്കുന്നവർ UTR നമ്പർ/ സ്ക്രീൻ ഷോട്ട്, 9995193135 എന്ന നമ്പറിലേക്ക് WhatsApp ചെയ്യണം.

Scan for Registration

അക്കൗണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.
EMS Smrithi ബാങ്ക് അക്കൗണ്ട് നമ്പർ. 6220966048,
ഇൻഡ്യൻ ബാങ്ക്, തൃശൂർ ശാഖ
IFS Code : IDIB000T054.
കൂടുതൽ വിവരങ്ങൾക്ക് 04872365988, 9447085214,
emssmrithy@gmail.com, www.emssmrithi.in

Scan for Payment